**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3739** **27-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിലെ ഗതാഗത തടസ്സം ഒഴിവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ വർദ്ധിച്ച ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | എ)കോഴിക്കോട് നഗരത്തിൽ ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് നഗരത്തെ പത്ത് ട്രാഫിക്ക് സെക്ടറുകളായി തിരിച്ചിട്ടുണ്ട്. ഓരോ സെക്ടറും കേന്ദ്രീകരിച്ച് സിറ്റി ട്രാഫിക്ക് എൻഫോഴ്സ്മെന്റ് യൂണിറ്റിൽ നിന്നും സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള പത്ത് ട്രാഫിക്ക് സെക്ടർ വാഹനങ്ങളും ഗതാഗത നിയന്ത്രണത്തിനായി തിരക്കനുഭവപ്പെടുന്ന പ്രധാനപ്പെട്ട 50 പോയിന്റുകളിലായി ഹോം ഗാർഡുമാരുൾപ്പെടെ 102 ഓളം ട്രാഫിക് സേനാംഗങ്ങളും തിരക്കുള്ള സമയങ്ങളിൽ പട്രോളിങ്ങിനായി രണ്ടു ബൈക്ക് പട്രോൾ ടീമിനെയും ഉപയോഗിച്ച് ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെങ്ങളം മുതൽ രാമനാട്ടുകര വരെയുള്ള ദേശീയപാതയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതിനായി ഒരു ഹൈവേ പട്രോൾ വാഹനവും പ്രവർത്തിച്ച് വരുന്നുണ്ട്. നഗരത്തിലെ ഗതാഗതക്കുരുക്കിന് പ്രധാന കാരണമായ പാർക്കിങ്ങ് ഏരിയയുടെ കുറവ് പരിഹരിക്കുന്നതിനായി കോഴിക്കോട് സിറ്റി പോലീസ് "പാർക്കിങ്ങ് ഫ്രണ്ട്‌ലി കോഴിക്കോട്" എന്ന ഒരു പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ സിറ്റിയിലെ പാർക്കിങ്ങ് സാകര്യമുള്ളയിടങ്ങളിൽ വാഹന പാർക്കിങ്ങിനായി കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനുമായി സഹകരിച്ച് സ്ഥലങ്ങൾ മാർക്ക് ചെയ്ത് നൽകിയിട്ടുള്ളതും പൊതുജനങ്ങൾ ഇത് ഫലപ്രദമായി ഉപയോഗിച്ച് വരുന്നതുമാണ്. രണ്ടാം ഘട്ടമായി തുറമുഖ വകുപ്പുമായി സഹകരിച്ച് ബീച്ചിൽ പാർക്കിങ്ങിനായി സ്ഥലം കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് ലൈറ്റ് ട്രാം, മോണോ റെയിൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് നരത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനു ലൈറ്റ് ട്രാം , മോണോ റെയിൽ പദ്ധതികൾ പരിഗണനയിലില്ല. എന്നാൽ കോഴിക്കോട് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ